14312
2/18/19

"ഭരണഭാഷ– മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

വിജിലൻസ് വകുപ്പ്– പട്ടികജാതി പട്ടികവർഗ്ഗ ഗോത്രകമ്മീഷൻ, കേരള വനിതാ കമ്മീഷൻ തുടങ്ങിയ അർദ്ധ ജുഡീഷ്യൽ കമ്മീഷനുകളുടെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയും ഇതര അന്വേഷണ ഏജൻസികളും സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച്–ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വിജിലൻസ്(സി) വകുപ്പ്

**സ.ഉ.(കൈ) നം.13/2019/VIG** തീയതി,തിരുവനന്തപുരം, 16/07/2019

---

പരാമർശം:– 1 12.05.1992–ലെ സ.ഉ(അച്ചടി)നം.65/1992/വിജി .

2 വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 26.07.2017– ലെ ഇ14 -7207/17, 30.04.2018 6.03.2019 എന്നി തിയ്യതികളിലെ ഇ10–7207/17 ഇ.കെ.എം നമ്പർ കത്തുകൾ.

3 സർക്കാരിന്റെ 14.06.2018– ലെ സി1/202/17/വിജി നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം വിജിലൻസ് അന്വേഷണം നടത്തുന്നതിന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ ചുമതലപ്പെടുത്തുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. എന്നാൽ 1973 ലെ ക്രിമിനൽ നടപടി ക്രമം സെക്ഷൻ 156 (3) പ്രകാരം വിജിലൻസ് കോടതികൾ, ഹൈക്കോടതി, സുപ്രീംകോടതി എന്നിവിടങ്ങളിൽ സമർപ്പിക്കുന്ന പരാതികളിൽ പ്രാഥമിക അന്വേഷണത്തിനും എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്നതിനുമുള്ള ഉത്തരവ് ബ്യൂറോയ്ക്ക് നൽകുന്നതിനുമുള്ള അധികാരം ബഹു.കോടതികൾക്കുമുണ്ട്. 2018– ലെ അഴിമതി നിരോധന (ഭേദഗതി ) ആക്റ്റിൽ കൂട്ടിച്ചേർത്ത 17 എ, ഭേദഗതി ചെയ്യപ്പെട്ട 19 എന്നീ വകുപ്പുകൾ പ്രകാരം ഒരു പബ്ലിക് സെർവന്റിനെതിരെയുള്ള വിജിലൻസ് അന്വേഷണത്തിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.

2.കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗോത്ര കമ്മീഷൻ ഉൾപ്പെടെയുള്ള കമ്മീഷനുകൾ പ്രസ്തുത കമ്മീഷനുകളിൽ ലഭിക്കുന്ന പരാതികളിന്മേൽ വിജിലൻസ് അന്വേഷണം നടത്തുന്നതിനും കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനും ഉത്തരവുകൾ

പുറപ്പെടുവിക്കുന്നുണ്ടെന്നും ആകയാൽ പട്ടികജാതി പട്ടികവർഗ്ഗ ഗോത്ര കമ്മീഷൻ, കേരള വനിതാ കമ്മീഷൻ തുടങ്ങിയ അർദ്ധ ജൂഡീഷ്യൽ അധികാരമുള്ള കമ്മീഷനുകളുടെ ഉത്തരവിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശം നൽകണമെന്ന് പരമാർശം രണ്ടിലെ 26.07.2017കത്ത് പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി.

3. ഇക്കാര്യത്തിൽ സർക്കാർ അഡീഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷന്റെയും അഡ്വക്കേറ്റ് ജനറലിന്റെയും ഉപദേശം തേടി പരിശോധിക്കുകയുണ്ടായി. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോയെ കൊണ്ട് അന്വേഷണം നടത്താൻ നേരിട്ട് ഉത്തരവാകുന്നത് ബഹുമാനപ്പെട്ട കമ്മീഷന്റെ അധികാര പരിധിയിൽ വരുന്നില്ല എന്നും എന്നാൽ കമ്മീഷൻ സർക്കാരിന് ശിപാർശ സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ അന്വേഷണം നടത്താനുള്ള നിർദ്ദേശം വിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോ/പോലീസിന് നൽകുന്നതുമാണ് ഉചിതമെന്ന് പരാമർശം മൂന്നിലെ കത്ത് പ്രകാരം കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗോത്ര കമ്മീഷന്റെ ശ്രദ്ധയിൽ പെടുത്തുകയുണ്ടായി.

4.എന്നാൽ അടുത്തകാലത്തായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗോത്ര കമ്മീഷനുകൾ ഉൾപ്പെടെയുള്ള കമ്മീഷനുകളിൽ ലഭിക്കുന്ന പരാതികളിന്മേൽ വിജിലൻസ് അന്വേഷണം നടത്തുന്നതിനും കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനും ഉത്തരവുകൾ പുറപ്പെടുവിക്കുന്നുണ്ടെന്നും കേരള വനിതാ കമ്മീഷൻ, സംസ്ഥാന പട്ടിക ജാതി പട്ടിക വർഗ്ഗ ഗോത്ര കമ്മീഷൻ, തുടങ്ങിയ അർദ്ധ ജുഡീഷ്യൽ അധികാരികൾ നിർദ്ദേശിക്കുന്ന അന്വേഷണങ്ങൾ പി സി ആക്റ്റ് 17എ ഉൾപ്പെടാത്തതിനാൽ 12.05.1992-ലെ ജി.ഒ(പി) 65/92/വിജി പ്രകാരവും വിജിലൻസ് മാന്വൽ പ്രകാരം സർക്കാർ അനുമതി കൂടാതെ തന്നെ അന്വേഷിക്കേണ്ടതുണ്ടോ എന്ന മാർഗ്ഗനിർദ്ദേശം ലഭ്യമാക്കാൻ വിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടർ പരാമർശം രണ്ടിലെ 30.04.2018-ലെയും 6.03.2019-ലെയും കത്തുകൾ പ്രകാരം ആവശ്യപ്പെടുകയുണ്ടായി .

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗോത്രകമ്മീഷൻ, കേരള വനിതാ കമ്മീഷൻ തുടങ്ങിയ അർദ്ധ ജുഡീഷ്യൽ അധികാരമുള്ള കമ്മീഷനുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകളിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോയും, ഇതര അന്വേഷണ ഏജൻസികളും ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണെന്ന് ഇതിനാൽ ഉത്തരവാകുന്നു.

1. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗോത്ര കമ്മീഷന് ഇൻവെസ്റ്റിഗേഷൻ നടത്താനോ ക്രിമിനൽ പ്രോസിക്യൂഷൻ ആരംഭിക്കാനോ ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ നടത്തണമെന്ന ഉത്തരവ് നൽകാനോ നിയമ പ്രകാരം

അധികാരമില്ല .

2. കേരള വനിതാ കമ്മീഷന് അതിന്റെ ഡയറക്ടർ മുഖാന്തിരം പോലീസിനോട് ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ നടത്താൻ നിർദ്ദേശം നൽകാവുന്നതാണ്.

3.CBI അന്വേഷണം നടത്തണമെന്ന് ഉത്തരവിടാൻ വനിതാകമ്മീഷന് അധികാരമില്ല.

4. അഴിമതി നിരോധന നിയമത്തിൽ 2018 -ൽ നടപ്പാക്കിയ ഭേദഗതി പ്രകാരം കേന്ദ്ര സർക്കാരിന്റെ/ സംസ്ഥാന സർക്കാരിന്റെ/ ഒരു ഉദ്യോഗസ്ഥനെ തൽസ്ഥാനത്തു നിന്നും നീക്കം ചെയ്യാൻ അധികാരമുള്ള ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതി പ്രോസിക്യൂഷന് ആവശ്യമായതിനാൽ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗോത്രകമ്മീഷൻ, കേരള വനിതാ കമ്മീഷൻ, എന്നീ കമ്മീഷനുകൾക്ക് അഴിമതി നിരോധന നിയമ പ്രകാരം അന്വേഷണത്തിനോ, പ്രോസിക്യൂഷനോ ഉത്തരവിടാൻ അധികാരമില്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ.വിശ്വാസ് മേത്ത**
ADDITIONAL CHIEF SECRETARY

പകർപ്പ്:-

രജിസ്ട്രാർ, കേരള സംസ്ഥാന പട്ടിക ജാതി പട്ടിക വർഗ്ഗ ഗോത്ര കമ്മീഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം
സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോ,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ആഭ്യന്തര വകുപ്പ്
പൊതു ഭരണ (എസ്.സി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വിവരവും പൊതുജനസമ്പർക്കവും വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by RESHMI T
Date: 2019.07.17 10:00:59 IST
Reason: Approved

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-07-2019

(16)

ഫയൽ നം.വിജി-സി1/202/2017-വിജി                    ഇനം നം: 3151

വിഷയം : വിജിലൻസ് വകുപ്പ് - പട്ടികജാതി പട്ടികവർഗ്ഗ ഗോത്ര കമ്മീഷൻ, കേരള വനിതാ കമ്മീഷൻ തുടങ്ങിയ quasi judicial അധികാരമുള്ള കമ്മീഷനുകളുടെ ഉത്തരവുകളിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്വീകരിക്കേണ്ട നടപടി.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര-വിജിലൻസ് വകുപ്പ്.

10/7/19

10/7/19

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : വിജി -സി1/202/2017/വിജി |
| 2. | വകുപ്പ് | : വിജിലൻസ് (സി) വകുപ്പ് |
| 3. | വിഷയം | : വിജിലൻസ് വകുപ്പ്- പട്ടികജാതി പട്ടികവർഗ്ഗഗോത്ര കമ്മീഷൻ, കേരള വനിതാ കമ്മീഷൻ തുടങ്ങിയ quasi judicial അധികാരമുള്ള കമ്മീഷനുകളുടെ ഉത്തരവുകളിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്വീകരിക്കേണ്ട നടപടി- സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 02.05.2019 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : ഇല്ല |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : ശ്രീമതി.ലതാകുമാരി.എം.ബി |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ.വിശ്വാസ് മേത്ത |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 30.05.2019 |
| 10. | കരട് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ.ടോം ജോസ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 12.06.2019 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ.പിണറായി വിജയൻ (ബഹു.മുഖ്യമന്ത്രി) |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | : 28.06.2019 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 02.07.2019 |
| 15. | മന്ത്രിസഭ യോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പട്ടികജാതി പട്ടികവർഗ്ഗ ഗോത്ര കമ്മീഷൻ, കേരള വനിതാ കമ്മീഷൻ തുടങ്ങിയ quasi judicial അധികാരമുള്ള കമ്മീഷനുകളുടെ ഉത്തരവുകളിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. 12.05.1992-ലെ സ.ഉ(അച്ചടി)65/1992/വിജി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വിജിലൻസ് അന്വേഷണം നടത്തുന്നതിന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ ചുമതലപ്പെടുത്തുന്നതിനുള്ള അധികാരം സർക്കാരിൽ മാത്രം നിക്ഷിപ്തമാണ്. 1973 ലെ ക്രിമിനൽ നടപടി ക്രമം സെക്ഷൻ 156 (3) പ്രകാരം വിജിലൻസ് കോടതികൾ, ഹൈക്കോടതി, സുപ്രീംകോടതി എന്നിവിടങ്ങളിൽ സമർപ്പിക്കുന്ന പരാതികളിൽ പ്രാഥമിക അന്വേഷണത്തിനും എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്നതിനുമുള്ള ഉത്തരവ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് നൽകുന്നതിനുമുള്ള അധികാരം പ്രസ്തുത കോടതികൾക്കുണ്ട്. എന്നാൽ 2018- ലെ അഴിമതി നിരോധന ( ഭേദഗതി ) ആക്ട് പ്രകാരം കൂട്ടിച്ചേർത്ത 17 എ, ഭേദഗതി ചെയ്യപ്പെട്ട 19 എന്നീ വകുപ്പുകൾ പ്രകാരം ഒരു പബ്ലിക് സെർവന്റിനെതിരെയുള്ള വിജിലൻസ് അന്വേഷണത്തിന് (17 എ വകുപ്പിൽ വിവരിച്ചിട്ടുള്ള സാഹചര്യങ്ങൾക്ക് വിധേയമായി ) സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.

3. എന്നാൽ അടുത്ത കാലത്തായി സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗോത്ര കമ്മീഷനുകൾ ഉൾപ്പെടെയുള്ള കമ്മീഷനുകൾ പ്രസ്തുത കമ്മീഷനുകളിൽ ലഭിക്കുന്ന പരാതികളിന്മേൽ വിജിലൻസ് അന്വേഷണം നടത്തുന്നതിനും കേസുകൾ രജിസ്റ്റർ- ചെയ്യുന്നതിനും ഉത്തരവുകൾ പുറപ്പെടുവിക്കുന്നുണ്ട് .

4. ആകയാൽ പട്ടികജാതി പട്ടികവർഗ്ഗ ഗോത്ര കമ്മീഷൻ, കേരള വനിതാ കമ്മീഷൻ തുടങ്ങിയ quasi judicial അധികാരമുള്ള കമ്മീഷനുകളുടെ ഉത്തരവിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശം നൽകണമെന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി.

5. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ കൊണ്ട് അന്വേഷണം നടത്താൻ ഉത്തരവിടുന്നത് ബഹുമാനപെട്ട കമ്മീഷന്റെ ആക്റ്റ് പ്രകാരമുള്ള അധികാര പരിധിയിൽപ്പെടുന്നതല്ലായെന്ന് അഡീഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (വിജിലൻസ്) നിയമോപദേശം നല്കിയിട്ടുണ്ട്. ആയത് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

6. അഡീഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷന്റെ നിയമോപദേശത്തോട് നിയമവകുപ്പ് യോജിക്കുകയും താഴെ പറയും പ്രകാരം അഭിപ്രായം നൽകിയിട്ടുണ്ട്.

*'The opinion furnished by the ADGP (Vigilance ) at page 6-10 cf in this regard is legally correct and hence this dept endorses the same'*

7. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ ആവശ്യത്തിന്മേൽ അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശ പ്രകാരം ക്രിമിനൽ അന്വേഷണത്തിന് പോലീസ് മുഖാന്തിരം ഉത്തരവിടാൻ വനിതാ കമ്മീഷൻ ഡയറക്ടർക്ക് അധികാരം നൽകിക്കൊണ്ട് 1990-ലെ വനിതാ കമ്മീഷന്റെ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.

8. അഡീഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷന്റെയും അഡ്വക്കേറ്റ് ജനറലിന്റെയും നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടർക്കു ഒരു മറുപടി നൽകുകയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ കൊണ്ട് അന്വേഷണം നടത്താൻ ഉത്തരവിടുന്നത് ബഹുമാനപ്പെട്ട കമ്മീഷന്റെ അധികാര പരിധിയിൽപ്പെടുന്നതല്ല എന്നും ആയതിനാൽ കമ്മീഷൻ സർക്കാരിന് ശിപാർശ സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ അന്വേഷണം നടത്താനുള്ള നിർദ്ദേശം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ/പോലീസിന് നൽകുന്നതുമാണ് ഉചിതമെന്ന് കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുകയുമുണ്ടായി.

9. എന്നാൽ സർക്കാരിന്റെ മേൽ തീരുമാനത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ട് വീണ്ടും കമ്മീഷനിൽ നിന്നും അന്വേഷണം നടത്തുവാൻ ഉത്തരവ്

ലഭിക്കുന്നുണ്ടെന്നും സർക്കാർ കത്തിലെ നിർദ്ദേശം കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണമെന്നും പൊതു ഉത്തരവ് എല്ലാ കമ്മീഷനും നൽകണമെന്നും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ അറിയിക്കുകയുണ്ടായി .

10. കമ്മീഷനുകൾ സർക്കാരിന് ശിപാർശ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാർ അന്വേഷണത്തിനുള്ള നിർദ്ദേശം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ/പോലീസിന് നൽകുന്നത് സംബന്ധിച്ച് നിയമവകുപ്പിന്റെ ഉപദേശം ആരായുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നിയമവകുപ്പ് സെക്രട്ടറി ലഭ്യമാക്കിയ ഉപദേശം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.

11. നിയമവകുപ്പ് സെക്രട്ടറിയുടെ ഉപദേശം കമ്മീഷന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന്റെ അപാകതയെ സംബന്ധിച്ച് ബഹു.മുഖ്യമന്ത്രി നിയമവകുപ്പ് സെക്രട്ടറിയുടെ അഭിപ്രായം വീണ്ടും ആരായുകയുണ്ടായി.

12. നിയമവകുപ്പ് സെക്രട്ടറി താഴെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

*Jurisdictional contours of the commissions or tribunals constituted under the statutory enactments are circumscribed by the statutory limitations contained in the statutes which constitute these commissions. Non-compliance with the fundamental provisions of the statute would make the entire proceedings before the appropriate authority illegal and without jurisdiction (see Dhulabhai and Ors. vs. The State of Madhya Pradesh AIR 1968 SC 78). Similarly, if an authority acts in violation of the fundamental principles of judicial procedure that may also tend to make the proceedings illegal and void and this infirmity may affect the validity of the order passed by the authority in question. By voyaging*

*into uncharted areas beyond their mandate the commissions are committing jurisdictional errors. There is nothing preventing the state from reminding the commissions of their statutory limitations.*

13. വനിതാ കമ്മീഷന്റെ കാര്യത്തിൽ അഡ്വക്കേറ്റ് ജനറലും നിയമവകുപ്പ് സെക്രട്ടറിയും വ്യത്യസ്തമായ അഭിപ്രായം നൽകിയതിനാൽ, വനിതാ കമ്മീഷന്റെ അധികാരത്തെ സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി നിയമവകുപ്പിന്റെ അഭിപ്രായം ആരായുകയുണ്ടായി. ആയത് അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു.

14. അഴിമതി നിരോധന നിയമത്തിലെ പുതിയ ഭേദഗതിയുടെ അടിസ്ഥാനത്തിൽ, പട്ടിക ജാതി പട്ടികവർഗ്ഗ ഗോത്ര കമ്മീഷൻ, കേരള വനിതാ കമ്മീഷൻ തുടങ്ങിയ quasi judicial അധികാരമുള്ള കമ്മീഷനുകളുടെ ഉത്തരവുകളെ കുറിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ അഭിപ്രായം ആരായുകയുണ്ടായി. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ അഭിപ്രായം അനുബന്ധം 5 ആയി ചേർത്തിരിക്കുന്നു.

15. 2018- ലെ അഴിമതി നിരോധന ( ഭേദഗതി ) ആക്റ്റ് പ്രകാരം കൂട്ടിചേർത്ത 17 എ, ഭേദഗതി ചെയ്യപ്പെട്ട 19 എന്നീ വകുപ്പുകൾ പ്രകാരം ഒരു പബ്ലിക് സെർവന്റിനെതിരെയുള്ള വിജിലൻസ് അന്വേഷണത്തിന് (17 എ വകുപ്പിൽ വിവരിച്ചിട്ടുള്ള സാഹചര്യങ്ങൾക്ക് വിധേയമായി ) സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. അഴിമതി നിരോധന നിയമപ്രകാരമുള്ള കേസുകളിലെ അന്വേഷണം / വിചാരണ എന്നിവ നടത്തുന്നത് ക്രിമിനൽ നടപടി നിയമം, അഴിമതി നിരോധന നിയമം എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമാണ് .

16. പാർലമെന്റും സംസ്ഥാന നിയമസഭകളും കാലാകാലങ്ങളിൽ വിജ്ഞാപനങ്ങളായി വിവിധ നിയമങ്ങൾ പ്രകാരമാണ് വിവിധ കമ്മീഷനുകളെ രൂപീകരിക്കപ്പെട്ടിട്ടുള്ളത്. പ്രസ്തുത നിയമങ്ങളിലെ വ്യവസ്ഥകൾ

കണക്കിലെടുത്താണ് അതതു കമ്മീഷനുകളുടെ ചുമതലകളും അധികാരങ്ങളും പരിഗണിക്കേണ്ടത്.

17. വനിതാ കമ്മീഷൻ, എസ്.സി/എസ്.ടി കമ്മീഷൻ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന പരാതിയുടെ സ്വഭാവം അനുസരിച്ച് മാത്രമേ അഴിമതി നിരോധന നിയമത്തിലെ സെക്ഷൻ 17A പ്രകാരം മുൻകൂർ അനുമതി തേടേണ്ടതുണ്ടോ എന്ന് നിർണയിക്കുവാൻ കഴിയുകയുള്ളൂ. വസ്തുതകൾ ഇപ്രകാരമായിരിക്കെ അഴിമതി നിരോധന നിയമത്തിലെ സെക്ഷൻ 17A യിൽ ഉൾപ്പെടാത്ത വനിതാ കമ്മീഷൻ എസ്.സി/എസ്.ടി കമ്മീഷൻ തുടങ്ങിയ Quasi Judicial അധികാരികൾ നിർദ്ദേശിക്കുന്ന അന്വേഷണങ്ങൾ ജി.ഒ(പി) 65/92/വിജി പ്രകാരവും വിജിലൻസ് മാന്വൽ പ്രകാരവും സർക്കാർ അനുമതി കൂടാതെ തന്നെ അന്വേഷിക്കേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് നിർദ്ദേശം നൽകണമെന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

18. അഡ്വക്കേറ്റ് ജനറലും നിയമ വകുപ്പ് സെക്രട്ടറിയും നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിട്ടു.

1. കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ കമ്മീഷന് ഇൻവെസ്റ്റിഗേഷൻ നടത്താനോ ക്രിമിനൽ പ്രോസിക്യൂഷൻ ആരംഭിക്കാനോ അധികൃതരോട് ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ നടത്തണമെന്ന ഉത്തരവ് നൽകാനോ നിയമ പ്രകാരം അധികാരമില്ല .

2. കേരള വനിതാ കമ്മീഷന് അതിന്റെ ഡയറക്ടർ മുഖാന്തിരം പോലീസിനോട് ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ നടത്താൻ നിർദ്ദേശം നൽകാവുന്നതാണ്.

3. വനിതാ കമ്മീഷന് CBI അന്വേഷണം നടത്തണമെന്ന് ഉത്തരവിടാനുള്ള അധികാരമില്ല .

4. അഴിമതി നിരോധന നിയമത്തിൽ 2018 -ൽ നടപ്പാക്കിയ ഭേദഗതി പ്രകാരം കേന്ദ്ര സർക്കാരിന്റെ/ സംസ്ഥാന സർക്കാരിന്റെ/ ഒരു ഉദ്യോഗസ്ഥനെ തൽസ്ഥാനത്തു നിന്നും നീക്കം ചെയ്യാൻ അധികാരമുള്ള ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതി പ്രോസിക്യൂഷന് ആവശ്യമായതിനാൽ കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ കമ്മീഷൻ, വനിതാ കമ്മീഷൻ, എന്നീ കമ്മീഷനുകൾക്ക് അഴിമതി നിരോധന നിയമ പ്രകാരം അന്വേഷണത്തിനോ, പ്രോസിക്യൂഷനോ ഉത്തരവിടാൻ അധികാരമില്ല .

## തീരുമാനിക്കേണ്ട വിഷയം

പട്ടികജാതി പട്ടികവർഗ്ഗ ഗോത്രകമ്മീഷൻ, കേരള വനിതാ കമ്മീഷൻ തുടങ്ങിയ quasi judicial കമ്മീഷനുകളുടെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയും ഇതര അന്വേഷണ ഏജൻസികളും സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച മേൽ ഖണ്ഡിക 18-ലെ നിർദ്ദേശങ്ങൾ അംഗീകരിക്കാമോ?

ഉത്തരവ് - 1

REMARKS IN E4 (34558/16/CO-OP.) DTD. 11.01.'17

Perused the file in detail with the relevant provisions of law.

2. On 08.08.2016, the Kerala State Commission for Scheduled Caste and Scheduled Tribes pronounced an Order to record the statement of the Complainant Aathira, register a case and investigate by the SP, Vigilance, Thiruvananthapuram, for "personation", "criminal breach of trust" and making false "documents".

3. The gist of the facts as revealed from the complaint of Aathira dtd. 06.06.2015, is as follows:

i) Ashokan husband of defacto Complainant Aathira, even prior to his marriage, availed a loan of Rs. 50,000/- from Dist. Co-operative Bank, Vellarada Branch in 2000- 2001 by mortgaging 10 cents of property owned by him. Meanwhile, since he was suffering from cancer, he obtained a personal loan of Rs. 25,000/- from Madhu, son of Kuttamala Ayyaram kuzhi Viswanathan and a sale deed was executed by selling the above 10 cents of plot and the house therein. There was an oral agreement to return the said property on repayment of the loan amount of Rs.25,000/-. Later, when her husband amassed a sum equal to the loan amount and interest thereon and approached Madhu, he did not accept the money. Even on repeated demands Madhu did not return the property. Therefore, Ashokan committed suicide on 04.01.2015 - but, in the order of the Commission, it is stated that Ashokan succumbed to cancer (sic).

4. Afterwards, when Aathira enquired at the Bank, it was intimated that the amount due, including interest, comes to Rs.1,66,427/- to close the loan and redeem the property. After a few days, she approached the Bank Manager again and the manager told that Madhu, son of Kuttamala Viswanathan had already closed the loan and got back the deed and the connected documents from the Bank. Hence, she alleges that the property was mortgaged to Rs.50,000/- during 2000-'01 and the sale deed was executed in 2006-'07, at a time when arrears of repayments of loan amount were pending. And later, Madhu managed to get possession of the property by remitting the tax for the property by doing necessary mutation in his name. According to her, the property values Rs.12,00,000/-( Rupees Twelve lakhs). Hence she complaints for initiating necessary steps to get back the property belonging to her husband.

5. On a clear reading of the complaint, it is clear that there is abuse of power by the Bank Manager. If the version given by the defacto Complainant is true, the misdeed should not have been happened without the knowledge and collusion of the Bank Manager with Madhu, the alleged delinquent. No doubt, the Bank manager is a public servant under the provisions of Prevention of Corruption Act. Hence, offences u/s 465, 406, 409, 416 r/w 120B IPC against the Bank Manager and Madhu, are attracted. Hence, in case there is a prima facie case revealed after due enquiry, there is no bar for registering FIR by the Vigilance Police in this case.

6. Now, the question is whether there is any power to the Commission to order registration of crime and investigation thereon as delivered in the Order dtd. 08.08.2016. It is true that

the power to order an investigation is vested only with a Magistrate as stipulated under section 156 (3) Code of Criminal Procedure 1973. However, the prime power to investigate is within the ambit of an Officer in charge of a Police Station (SHO) vide 156(1) Cr.PC. At any rate, there is no provision authorizing the Commission to order to record the statement of the defacto Complainant, to register the case and investigate the same. It is true, vide Sec. 11 of the Kerala State Commission for Scheduled Caste and Scheduled Tribes Act,, 2007, the Commission have powers of a Civil Court trying a suit in certain matters. There is absolutely no power vested in the Commission to order a Police Officer to record the statement of the Complainant, to register a case and investigate. Sec. 9 of the Act enumerates the functions of the Commission. Even in Sec.9, there is no power to order registration of a Crime. However, sub-section (c) of Sec. 9 states there are some functions to discharge functions in relation to the protection, welfare, development and advancement of the SCs and STs as prescribed. The prescribed rules also show no power to order registration and investigation of crime. Probably, the only rule relating to the grievances of a member of SC and ST is Rule 6(c) which gives power to the Commission "to consider the grievances to the SCs and STs and suggest appropriate solutions from time to time to Govt. or Govt. Dept. concerned". This is only recommendatory jurisdiction. Rule 10 provides an opportunity of hearing. Hence issuing an order to the SP, Vigilance, is also in violation of Rule 10 of the Rules. Therefore, on a clear reading of the said provisions, the Order of the Commission to register and investigate is *ultra vires* the Act and Rules. At the most, the Commission could have sent the complaint for disposal in accordance with law to the SP or requested for necessary action.

Hence, I do agree with the Supdt. of Police that there is no power for the Commission to issue an Order to register and investigate

7. That being the legal position, I answer in positive and suggest in consonance with the opinion of ADGP-I and the matter may be brought to the attention of the Government and the Commission. However, even then the Commission sticks to its stand, the course of action open to the VACB is to take up the matter for judicial review before the Hon'ble High Court of Kerala by way of a writ petition u/A 226/227 of the Constitution of India.

8. Now, coming back to the subject-matter of the complaint, since the complaint seems to be related to the sections of law stated above, an enquiry by entering the same in General Diary in line with the observations in Lalitha Kumari Vs. Govt. of U.P 2014 (2) SCC 1 can be conducted in the matter for finding out whether there is a prima facie case sustainable in this case. As a part of such a course, as ordered by the Director, SP, SCT, may call the Complainant and record her detailed statement and verify through oral and documentary evidences to find out whether any abuse of power or bribery is there in the matter from the side of the Bank Manager or any other Officer of the Bank in collusion with the alleged delinquent Madhu.

K.D Babu
Addl. Director of Prosecution (Vig.)

Additional Director of Prosecution
(Vig...)
Kerala ...

ഉത്തരവ് - 2

# OFFICE OF THE ADVOCATE GENERAL, KERALA ERNAKULAM

Phone (PABX): 0484-2393844, 2395050, 2395052
FAX: 0484-2394674
e-mail:- advocategeneralkerala@gmail.com

No.SS.(Misc) 744/17 18th September, 2017

The Additional Chief Secretary to Government,
Vigilance (C) Department, Government Secretariat,
Thiruvananthapuram.

Sir,

*Sub: The order by the SC/ST/SWC to conduct vigilance enquiry by the Vigilance and the Criminal investigation by the Police–Legality of the order- legal opinion forwarding of - reg.-*

*Ref: 1. Govt.Lr. No. C1/202/2017/Vig. dated 09.08.2017*
*2. Govt. Lr. No. E-14-7207/2017 dated 26.07.2017*

I have perused the communications referred above and the remarks dated 11.01.2017 given by Sri. K.D. Babu, Additional Director of Prosecution (Vig.). The legal opinion is sought for regarding the permissibility or legality of the directions issued by the Statutory Commissions, for eg.,Kerala State Commission for Scheduled Caste and Scheduled Tribes, Kerala Women's Commission etc. directing the Police or Vigilance authority to register crimes and to conduct criminal investigation.

As per the communication 1st referred above, legal opinion is sought in the matter of directions issued by the Commissions having quasi judicial powers directing registration of crimes and conducting criminal investigation.

As per the communication 2nd referred above, several instances have been pointed out where the Commission for Scheduled Castes and Scheduled Tribes have issued directions to the Director, Vigilance and Anti Corruption Bureau to register crimes and to conduct criminal investigation.

It is not possible to give a general opinion as regards the power and authorities of the statutory Commissions in the matter of issuance of directions to the Police for registration of crime and conducting criminal investigations. The Commissions are constituted under different enactments promulgated by Parliament and State Legislature. The functions and the powers of the respective

Commissions are to be considered in view of the provisions in the enactments. If the enactments gives sufficient power and authority to a particular Statutory Commission to initiate criminal prosecution or to take other legal proceedings, it is well within the power of the Commission to make such recommendation while discharging their functions. There cannot be a general proposition of law as regards the powers and functions of the different Statutory Commissions, particularly in the matter of issuance of orders initiating criminal proceedings and conducting of criminal investigation.

Now, coming to the case of two statutory Commissions referred to in the communication, one is the State Commission for Scheduled Caste and Scheduled Tribes and the other is the Kerala Women's Commission, the powers and functions are dealt with in two separate enactments.

As regards the power and functions of the Commission for Scheduled Caste and Scheduled Tribes, it may be seen that the only provision which deals with the functions and powers of the Commission is Section 9 of the Kerala State Commission for Scheduled Caste and Scheduled Tribes Act, 2007. On a cursory reading of Section 9, it is clear that there is absolutely no power vested with the Commission for Scheduled Caste and Scheduled Tribes to issue any direction to the Police Authorities for registration of Crime and conducting the criminal investigation. Section 9 shows that the Commission for Scheduled Caste and Scheduled Tribes has power to recommend the Government regarding certain aspects dealt with in Section 9. It does have any power to initiate Criminal proceedings or recommend in the Government or any other authority for initiating criminal prosecution. So, I am fully endorsing the views of the the remarks given by Sri. K.D. Babu, Additional Director of Prosecution (Vigilance) in the matter of powers of the Kerala State Commission for Scheduled Castes and Schedules Tribes, particularly, with respect to orders issued for initiating criminal proceedings.

Registration of Crime and Criminal investigation is entirely within the power of the Police controlled by the provisions of Criminal Procedure Code. Chapter XII of Criminal Procedure Code deals with the power of the police for investigation in a criminal offence. Section 154 of the Criminal Procedure Code deals with the power

of the police investigate on getting information in cognizable offence. The police are bound to register the complaint and proceed with the investigation on receipt of the information of a cognizable offence. Section 156 (3) gives power to the jurisdictional Magistrate to direct the Police officers to conduct investigation and to file final report in the matter. This power to direct investigation can be exercised by the Special Judges appointed under the Prevention of Corruption Act, 1988 also. Section 36 of Criminal Procedure Code deals with the power of the superior police officers and it says that police officers superior in rank to an officer in-charge of a Police Station may exercise the same powers throughout the local area to which they are appointed. Therefore, the criminal investigation can be initiated on receiving information about the commission of cognizable offence, by the Station House Officer, or the superior Police Officer or on direction by the jurisdictional Magistrate under 156 (3) of the Code of Criminal Procedure. Apart from the Provisions of Criminal Procedure Code, certain other enactments gives power to certain authority to initiate criminal proceedings. But, in the absence of conferment of specific power for initiation of criminal investigation/prosecution, no other authority can direct the police to initiate criminal prosecution.

As regards the powers of Kerala Women's Commission in the matter of directing criminal investigation by the Police, it may be profitable to refer the relevant provisions in the Kerala Women's Commission Act, 1990. Section 16 of the Act deals with the functions of Commission. Section 16(1) (vii) reads thus:

> *"(vii) empower the Director to recommend to the appropriate authority to take prosecution proceedings in respect of offences committed against women under any statute providing for penalty for violation of the provisions of such statute"* ( emphasis supplied by me)

*Section 18 reads as follows:*

> *"18. **Initiation of Prosecution.**- If, after investigation into any complaint under Section 17, the Commission is satisfied that a person has committed any criminal offence and that he should be prosecuted in a court of law for such offence, then it may pass an order to that effect and initiate prosecution, of the person concerned, if there is no*

*necessity for prior sanction, and if prior sanction of any authority is required for such prosecution then non-withstanding anything contained in any law, such sanction shall be granted by that authority within thirty days of the request by the Commission and if such sanction is not granted within the said period such sanction shall be deemed to have been granted by that authority".*

On reading of Section 18, it is clear that the Commission has the power to initiate prosecution if after investigation into any complaint, Section 17 of the Act, the Commission is satisfied that a person has committed any criminal offence and that he should be prosecuted in a Court of law for such a facts. But the question arise as to the actual meaning and mode of '*initiation of prosecution*' under Section 18. Whether by initiating prosecution, the Commission has power to direct the police to register a case and to conduct investigation ?.

At this juncture, it is profitable to refer to the similar provisions in other enactments. Almost similarly worded, Section 15 of the Kerala Lok Ayukta Act reads as follows:

"15. *Initiation of Prosecution- Notwithstanding anything contained in Section 14, if after investigation into any complaint, the Lok Ayukta or an Upa-Lok Ayukta is satisfied that the public servant has committed any criminal offence and that he should be prosecuted in a Court of law for such offence, then, he may pass an order to that effect and initiate prosecution of the public servant concerned, if there is no necessity for prior sanction; and, if prior sanction of any authority is required, with the sanction of the appropriate authority.*

***Explanation.-*** *For the purpose of this section,-*

*(a) 'investigation' means the collection of evidence regarding the correctness or otherwise of the allegation or grievance;*

*(b) 'initiation of prosecution' means the filing of a report or a complaint before a Court of competent jurisdiction to take cognizance of an offence".*

Thus, it can be seen from Section 15 that the Legislature clearly indicated the actual meaning of investigation and *initiation of prosecution* referred to in the main Section. Initiation of Prosecution means filing of report or a complaint before the Court of competent jurisdiction to take cognizance of an offence. Therefore, the Kerala Lok Ayukta does not have any power to direct the police to register a criminal case and conduct investigation in view of explanation (b) of Section 15. After investigation as contemplated under explanation (a) of Section 15, the Lok Ayukta can file a report or a complaint before the Jurisdictional Court having power to take cognizance of the offence.

Coming to yet another similar provision contained in Kerala Panchayat Raj Act, 1994 Section 271 J (1)(iii)(a) reads as follows:-

***"Section 271J: Functions of the Ombudsman***

*(1) The Ombudsman shall perform all or any of the following functions, namely :--*

*(i)....*

*(iii) Pass an order on the allegation in the following manner, namely:--*

*(a) Where the irregularity involves a criminal offence committed by a public servant, the matter shall be referred to the appropriate authority for investigation".*

Section 271 P of the Kerala Panchayat Raj Act reads as follows:

**'Section 271P: Initiation of Prosecution**

***271 P (1):*** *If, after an investigation or inquiry, the Ombudsman finds that there is prima facie case against the accused involving a criminal offence, the Ombudsman may refer the complain and the finding to a competent authority with recommendation to initiate Prosecution".* (emphasis supplied by me)

*(2) The authority responsible, for initiating such prosecution shall conduct a detailed enquiry if necessary, and charge a case".*

An order passed by the *Ombudsman* directing the Enquiry Commissioner and Special Judge, Kozhikode to conduct an investigation into the allegations against the petitioner therein under the above provisions was challenged before the High

Court in W.P.1899/2009. But the Hon'ble court rejected the contentions and upheld the order passed by the Ombudsman.(Copy of the Judgment attached herewith)

So, it is clear that the words 'initiate prosecution' contained in Section 271 P read with Sec.271J of the panchayat Raj Act indicate that a direction for criminal investigation leading to a prosecution before the Court by the Police which is the competent authority referred to in 271 P of the panchayat Raj Act is perfectly within the power of the Ombudsman.

Provisions in the Panchayat Raj Act and the Provisions in the Kerala Woman's Commission Act, 1990 in the matter of initiation of prosecution and recommending the appropriate authority to take prosecution proceedings are similarly worded though there are some slight differences. Section 18 of the Act, Section 16 (1) (vii) also which gives ample power to the Women's Commission for empowering the Director appointed under Section 12 of the Act to recommend *appropriate authority* to take *prosecution proceedings* in respect of offence committed against women under any statute providing for penalty for violation of the provisions of such statute.

On reading of Section 18 along with Section 16 (1) (vii) of the Act, the only conclusions which can be arrived at is that the women's Commission has every power to recommend the appropriate authority for initiation of prosecution. The appropriate authority which has the power of initiation of prosecution is the police and the Commission has every power to recommend through its Director for a criminal investigation as contemplated under Section 18 r/w Section 16 (1) (vii) of the Act. Though the word used in Section 16 (1) (vii) is 'to recommend' , the said recommendation amounts to even direction in view of the provisions in the Act. The recommendation for prosecution/criminal investigation is only after an investigation conducted by the Commission into a complaint under Section 17 of the Act and the Commission is satisfied that a person has committed any criminal offence and he should be prosecuted in a Court of Law for such an offence. Therefore, in view of the investigation and satisfaction by the Commission as to the commission of a criminal offence, the recommendation of the Commission for prosecution can only be taken as a direction to the police to proceed with the

investigation/prosecution. Therefore, in view of the provisions contained in Kerala *Women's Commission Act, 1990*, according to me, the Women's Commission has every power through its Director to direct for a criminal investigation by the police. As I have pointed out earlier, the power of different statutory Commission for giving direction to the Police for taking criminal investigation depends upon the provisions in the respective enactments and there cannot be a general proposition of law in this matter.

Yours faithfully,

P. NARAYANAN
SENIOR GOVERNMENT PLEADER WITH A.G.

Encl: Copy of judgment in W.P.1899/2009
Copy to :

The Director,
Vigilance and Anti-Corruption Bureau,
Thiruvananthapuram

rak/2

32269/2017/(OG(OS)



Kerala High Court
Parasseri Hassan vs The Secretary on 29 January, 2009

IN THE HIGH COURT OF KERALA AT ERNAKULAM

WP(C).No. 1899 of 2009(A)

1. PARASSERI HASSAN, S/O.HAMSA, PARASSERI
... Petitioner

Vs

1. THE SECRETARY, KOTTOPPADAM GRAMA
... Respondent

2. P.K.SHANAVAS KHAN, POLLAKKUNNAN HOUSE,

3. THE OMBUDSMAN FOR LOCAL SELF GOVERNMENT

For Petitioner :SRI.SUNNY MATHEW

For Respondent : No Appearance

The Hon'ble MR. Justice S.SIRI JAGAN

Dated :29/01/2009

O R D E R

S. Siri Jagan, J.
=-=-=-=-=-=-=-=-=-=-=-=-=-=-=-=-=-=
W. P (C) No. 1899 of 2009
=-=-=-=-=-=-=-=-=-=-=-=-=-=-=-=-=-=
Dated this, the 29th January, 2009.

J U D G M E N T

The petitioner challenges Ext. P5 order of the 1st respondent, whereby the 1st respondent has directed the Enquiry Commissioner and Special Judge, Kozhikode to conduct an investigation into the allegations against the petitioner who was, at the relevant time, the President of the Kottappadam Grama Panchayat as also a ministerial staff of the Panchayat. Ext. P5 is challenged on three grounds. The first is that under Section 271P of the Kerala Panchayat Raj Act, as held by this Court in Achuthan v. State of Kerala, 2004 (7) KLT 912, before ordering prosecution under that

Section, the Ombudsman should have entered a prima facie finding, which is absent in this case. The second is that the delay in filing the complaint before the Ombudsman has been condoned under Section 271M(4)(d) of the Kerala Panchayat Raj Act without a petition for condonation of delay having been filed and order having been passed on the same with an opportunity to file objection to the petitioner herein in that petition. The third is that as per Ext. P5 order, the Ombudsman has directed the Enquiry Commissioner and Special Judge invoking Section 271 I (3). According to the petitioner, the Enquiry Commissioner and Special Judge is not the authority contemplated under Section 271-I (3).

2. I am not inclined to countenance any of the contentions of the petitioner for the following reasons:

3. Ext. P5 order reads thus:

"The allegation is that the petitioner, a member of ministerial staff working in a private school, worked also as President of Kottappadam Grama Panchayat and after marking attendance in the school, appropriated amounts creating records that he made travels hiring private vehicles.

In view of the decision in Mercy John V. Thankam (2003 (2) KLT 798) working simultaneously as School staff and as President of Panchayath, as such, is not objectionable. But it is another matter if after marking attendance in the office he engages vehicles at the cost of Panchayath and makes a profit out of it.

The respondent has pointed out that the case is filed more than 3 years from the date of the last of the trips and hence the complaint is barred.

Since the delay in this case was in consequence of delay in getting copies of relevant documents invoking RTI Act, the short delay involved deserves to be condoned under the proviso of Sec. 271 M(4)(d) of the Panchayat Raj Act.

I have gone through the admissions in the counter of the 2nd respondent and the report of the D.D.P. filed on 04.8.08 as part of the enquiry in this case.

Whether the journeys for which T.A was drawn in School working days were performed with permission is a matter for detailed enquiry. If it was done without permission the chances of the voucher being bogus are more.

The contention that money was paid directly to the driver from the Panchayat makes little difference. If other ingredients are available handing over of money to any person (Driver included) is sufficient to attract Sec. 415, 420 and 418 of the IPC.

I am convinced that a detailed enquiry is necessary in the matter. Copies of records like the complaint, reply of the respondents and report of the D.D.P will hence be

> sent over to the Enquiry Commissioner and Special Judge, Kozhikode invoking Sections 271-I(3) and 271-P(1) of the Panchayat Raj Act with a request to make an enquiry against the 2nd respondent and to proceed further in accordance with law. Another copy of this order will be sent over to the Director of Public Instructions along with copies of the same records so that he can consider departmental action, if any, necessary against the 2nd respondent by virtue of his capacity as Clerk of DHSS, Nellippuzha in the light of G.O (MS) 203/02/LSG dated 25.11.02."

After narrating the facts, the Ombudsman has specifically stated that "I am convinced that a detailed enquiry is necessary in the matter". That sentence certainly indicates prima facie satisfaction of the necessity to take prosecution proceedings, which is what is contemplated by the decision cited by the petitioner. Regarding the second contention, I do not think that the proceedings before the Ombudsman are circumscribed by procedural laws and it would be open to the Ombudsman to condone delay, if appropriate reasons are available on record for condonation of such delay. The Ombudsman has specifically found that the delay occurred on account of the delay in getting copies of relevant documents invoking RTI Act, which is sufficient reason for condonation of delay. Therefore, I am unable to find any merit in the second contention also.

4. I am unable to countenance the third contention also in so far as under Section 271 J, the Ombudsman has the power to order an investigation by an appropriate authority if criminal offence committed by a public servant is found. The same only has been done by the Ombudsman. Therefore, I do not find any merit in the writ petition and the same is dismissed.

S. Siri Jagan, Judge.

Tds/

## അനുബന്ധം - 3

## നിയമവകുപ്പ് സെക്രട്ടറിയുടെ നിയമോപദേശം

Chapter III of the Kerala State Commission for the Scheduled Castes and Scheduled Tribes Act contains the provisions relating the functions and powers of the Commission. The functions of the Commission enumerated in Section 9 (a) **does not clothe it with the power to order criminal investigation as and when offences are detected** , on the other hand to **investigate and examine the working of various safeguards provided in the constitution of India or under any other** law , for the time being in force, or under any order of the Government **for the welfare and protection of the Scheduled Castes** and the Scheduled Tribes in Kerala. The word **investigation** appearing in this section does not take within its fold a criminal case attracting penal offences under various enactments in force, on the other contrary it relates to the safeguards provided in the Constitution of India or any other law or any other order of the Government for the welfare and protection of Scheduled Castes and Scheduled Tribes in Kerala.

Sub Section (b) envisages enquiry into deprivation of rights and safeguards in order to take up such matters with appropriate authorities. The entire clauses of Section 9 do not authorise the Commission to embark on investigation to initiate criminal prosecution or even direct authorities to order criminal investigation. Powers enumerated in Section 11 are for discharging the functions enumerated in Section 9.

In **Central Bureau of Investigation through S.P., Jaipur vs. State of Rajasthan** ( 2001CriLJ968) the Hon'ble Supreme Court held that magisterial power cannot be stretched under the said provision beyond directing the officer in charge of a police station to conduct the investigation and no such direction can be given to the CBI. Interpreting Sections 17 and 18 of the Kerala Women's Commission Act, 1990, the Hon'ble High Court held that the Commission does not have far reaching powers unlike Courts to initiate prosecution. Its limited jurisdiction to initiate prosecution is circumscribed by the aforementioned provisions and does not include power to order CBI investigation.

The order of the Commission directing CBI investigation is without powers and is liable to be ignored.

അനുബന്ധം - 4

നിയമവകുപ്പിന്റെ നിയമോപദേശം

നം.17860/ഉപദേശം ഇ 1/2018/നിയമം
നം.VIG-C1/202/2017-VIG (e-557045)

നിയമ (ഉപദേശം-ഇ) വകുപ്പ്
തീയതി 26.10.2018

1990-ലെ കേരളാ വനിതാ കമ്മീഷൻ ആക്റ്റിലെ 17-ാം വകുപ്പിൽ, ഏതെങ്കിലും സ്ത്രീയിൽ നിന്നോ അല്ലെങ്കിൽ സ്ത്രീകളുടെ സംഘടനയിൽ നിന്നോ ഏതെങ്കിലും സ്ത്രീക്ക് നേരിട്ട 2(i) വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള Unfair Practice സംബന്ധിച്ച് പ്രാഥമിക അന്വേഷണം നടത്താൻ മാത്രമേ കമ്മീഷന് അധികാരം നൽകിയിട്ടുള്ളൂ. അത്തരം Unfair Practice നടന്നുവെന്ന് ബോധ്യപ്പെടുന്ന സംഗതിയിൽ നടപടിയെടുക്കാൻ സർക്കാരിനോട് ശുപാർശ ചെയ്യുന്നതിനോ അല്ലെങ്കിൽ പ്രോസിക്യൂഷൻ നടപടികൾ appropriate authority മുഖാന്തിരം സ്വീകരിയ്ക്കുന്നതിനോ കമ്മീഷന് അധികാരമുണ്ട്. ആക്റ്റിലെ 16-ാം വകുപ്പിൽ കമ്മീഷന്റെ ചുമതലകൾ നിർവചിച്ചിട്ടുണ്ട്. അതിൻ പ്രകാരം സ്ത്രീകൾക്കെതിരെയുള്ള ഏതു കുറ്റകൃത്യത്തിനും ബന്ധപ്പെട്ട നിയമമനുസരിച്ച് പ്രോസിക്യൂഷൻ നടപടി പ്രകാരം കുറ്റവാളിയെ ശിക്ഷിക്കുന്നതിന് ബന്ധപ്പെട്ട അധികാരിയോട് ശുപാർശ ചെയ്യുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണത്തിൽ ക്രിമിനൽ കുറ്റം ചെയ്തുവെന്ന് ബോധ്യമുള്ള പക്ഷം ബന്ധപ്പെട്ട കോടതി മുഖാന്തിരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിയ്ക്കാവുന്നതാണ്. വനിതാ കമ്മീഷൻ ആക്റ്റിന്റെ 16(1) വകുപ്പനുസരിച്ച് കമ്മീഷന്റെ തീരുമാനങ്ങൾ ശുപാർശ രൂപേണ സമർപ്പിക്കേണ്ടത് സർക്കാരിനാണെന്നു വ്യക്തമാക്കുന്നുമുണ്ട്. ആ നിലക്ക് അഴിമതി നിരോധന നിയമ പ്രകാരമുള്ള കേസ് അന്വേഷണത്തിന് വനിതാ കമ്മീഷൻ നൽകുന്ന ശുപാർശകൾ സർക്കാർ മുഖേനയാണ് സമർപ്പിക്കേണ്ടത്. സിവിൽ, ക്രിമിനൽ തർക്കങ്ങൾ സംബന്ധിച്ച് പരാതികൾ സ്വീകരിയ്ക്കുന്നതിനോ, കൈകാര്യം ചെയ്യുന്നതിനോ, കമ്മീഷന് അധികാരമില്ലായെന്നും, 17-ാം വകുപ്പിൽ വിനിർദ്ദേശിച്ച പ്രകാരമുള്ള അധികാര പരിധി മാത്രമേ കമ്മീഷനുള്ളൂവെന്നും ബഹു. കേരളാ ഹൈക്കോടതി Prasad

നടത്തുന്നത് ക്രിമിനൽ നടപടി നിയമം, അഴിമതി നിരോധന നിയമം എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമാണ്. അന്വേഷണം സംബന്ധിച്ച റിപ്പോർട്ട് നൽകലും മറ്റ് അനുബന്ധ വിഷയങ്ങളിലും വിജിലൻസ് കോടതിയോടാണ് വിജിലൻസ് പോലീസ് കടപ്പെട്ടിരിക്കുന്നത്. കേന്ദ്ര ആക്ടായ അഴിമതി നിരോധന ആക്ടിലെ പ്രോസിക്യൂഷൻ അനുമതി സംബന്ധിച്ച വ്യവസ്ഥയ്ക്ക് വനിതാ കമ്മീഷൻ ആക്ടിലെ 18-ാം വകുപ്പിന്മേൽ അതിപ്രഭാവമുള്ളതും കമ്മീഷന്റെ അധികാരപരിധി ടി ആക്ടിലെ 17-ാം വകുപ്പിൽ വിനിർദ്ദേശിച്ച പ്രകാരം ഏതെങ്കിലും സ്ത്രീകൾക്കെതിരെ Unfair Practice നടന്നുവെന്ന ആരോപണം സംബന്ധിച്ച 'fact-finding inquiry' നടത്തുന്നതിനുമാത്രമുള്ളതുമാണ്. വനിതാ കമ്മീഷന്റെ അന്വേഷണത്തിന്റെ ഭാഗമായി, വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടുകൊണ്ടു വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയ്ക്ക് നേരിട്ട് ശുപാർശകൾ നല്കുന്നത്, നിയമപരമായി നിലനിൽക്കാത്തതും എന്നാൽ കമ്മീഷന്, ബന്ധപ്പെട്ട അധികാരമുള്ള കോടതി മുമ്പാകെ പരാതിയോ റിപ്പോർട്ടോ തുടർ അന്വേഷണത്തിനായി ശുപാർശ ചെയ്തുകൊണ്ട് ഫയൽ ചെയ്യാവുന്നതും, ബന്ധപ്പെട്ട കോടതിയ്ക്ക് കേസ്സ് രജിസ്റ്റർ ചെയ്ത്, തുടർ നടപടിയെടുക്കാവുന്നതുമാണ്.

ബി.ജി. ഹരീന്ദ്രനാഥ്
നിയമ സെക്രട്ടറി

അനുബന്ധം 5

# വി.എ.സി.ബി ഡയറക്ടറുടെ അഭിപ്രായം

അഴിമതി നിരോധന നിയമത്തിലെ സെക്ഷൻ 17 A വകുപ്പ് പ്രകാരം പൊതു പ്രവർത്തകനെന്നനിലയിൽ എടുത്ത ശിപാർശയും തീരുമാനവും സംബന്ധിച്ച ആക്ഷേപങ്ങൾ അഴിമതി നിരോധന നിയമത്തിലെ കുറ്റകൃത്യവുമായി ബന്ധപ്പെട്ട് അന്വേഷിക്കുന്നതിൽ പോലീസ് ഉദ്യോഗസ്ഥന് സർക്കാരിന്റേയോ ബന്ധപ്പെട്ട അധികാരിയുടെയോ മുൻകൂർ അനുമതിവേണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ തൽക്ഷണം അറസ്റ്റിലൂടെ അഴിമതി പ്രവർത്തനം വെളിവാകുന്ന സാഹചര്യത്തിൽ മേൽ പറഞ്ഞ മുൻകൂർ അനുമതി ആവശ്യമില്ലായെന്നും നിയമത്തിൽ നിഷ്കർഷിക്കുന്നുണ്ട്.

ആയതിനാൽ വനിത കമ്മീഷൻ, എസ്.സി/എസ്.റ്റി കമ്മീഷൻ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന പരാതിയുടെ സ്വഭാവം അനുസരിച്ച് മാത്രമേ സെക്ഷൻ 17 A പി.സി.ആക്ടിലെ മുൻകൂർ അനുമതി തേടേണ്ടതുണ്ടോ എന്ന് നിർണയിക്കുവാൻ കഴിയുകയുള്ളു. വസ്തുതകൾ ഇപ്രകാരമായിരിക്കെ വനിതാ കമ്മീഷൻ, എസ്.സി/എസ്.ടി കമ്മീഷൻ തുടങ്ങിയ Quasi Judicial അധികാരികൾ നിർദ്ദേശിക്കുന്ന അന്വേഷണങ്ങൾ P.C Act 17 A ഉൾപ്പെടാത്തത് ജി.ഒ (പി) 65/92/വിജി പ്രകാരവും വിജിലൻസ് മാനുവൽ പ്രകാരം സർക്കാർ അനുമതി കൂടാതെ തന്നെ അന്വേഷിക്കേണ്ടതുണ്ടോ എന്ന മാർഗനിർദ്ദേശം സർക്കാരിൽ നിന്നും ലഭിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

6.3.19.

ഇ.ഷെരീഫുദീൻ ഐ.പി.എസ്
പോലീസ് സൂപ്രണ്ട് (ഇന്റലിജൻസ്),
ഡയറക്ടർക്കുവേണ്ടി